**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - പരീക്ഷ - രണ്ടാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയിൽ മൂന്ന് വിഷയങ്ങൾ വരെ ഇംപ്രൂവ് ചെയ്യുവാനുള്ള അനുവാദം നൽകിയ ഉത്തരവ് - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

**സ.ഉ.(കൈ) നം.131/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 27/07/2020

---

പരാമർശം:

1 09.01.2020 ലെ സ.ഉ.(കൈ) നം. 3/2020/പൊവിവ

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.07.2020 ലെ ഇ.എക്സ്II(1)/25704/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം.1 ലെ ഉത്തരവ് പ്രകാരം രണ്ടാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ഉന്നതപഠനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് മൂന്ന് വിഷയങ്ങൾ വരെ ഇംപ്രൂവ് ചെയ്യുന്നതിനും സേ (SAY) പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് തോറ്റ വിഷയത്തിനു പുറമെ മൂന്ന് വിഷയങ്ങൾകൂടി ഇംപ്രൂവ് ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു.

(2) എന്നാൽ കോവിഡ്19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഉത്തരവ് നടപ്പാക്കുകയാണെങ്കിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ആയത് പരീക്ഷാ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്നും ആയതിനാൽ ടി ഉത്തരവ് റദ്ദാക്കി, മുൻ വർഷങ്ങളിലേതുപോലെ പരീക്ഷ നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം.2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്1.9 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരാമർശം.1 ലെ ഉത്തരവ് റദ്ദ് ചെയ്ത്, രണ്ടാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/സേ (SAY) പരീക്ഷ മുൻ വർഷങ്ങളിലേതുപോലെ നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

KRISHNADASAN.P

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, , തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷ ഭവൻ, പൂജപ്പുര, തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)

വിവര-പൊതുജന സമ്പർക്ക വകുപ്പ് (പ്രസ് റിലീസ്)

പൊതുവിദ്യാഭ്യാസ (ജി, റ്റി, എസ്.സി.) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by JUBAIR H
Date: 2020.07.27 18:29:32 IST
Reason: Approved

സെക്ഷൻ ഓഫീസർ